**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പര്‍ 2325        15/7/2011-ല്‍ മറുപടിക്ക്

## ഫീസിബിലിറ്റി സര്‍ട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങള്‍ ലഘൂകരിക്കാന്‍ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. എ. പി. അനില്‍കുമാര്‍<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടികവര്‍ഗ്ഗ ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള വികസന പ്രവര്‍ത്തനങ്ങള്‍ നടത്തുമ്പോള്‍ ഫീസിബിലിറ്റി സര്‍ട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ വിവിധ പ്രയാസങ്ങള്‍ സൃഷ്ടിക്കുന്നതായുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (ബി) | ഒരു വാര്‍ഡിലെ ജനസംഖ്യയുടെ പകുതിയിലേറെ എസ്.സി/എസ്.ടി വിഭാഗങ്ങള്‍ ആണെങ്കില്‍ മാത്രമേ ഫീസിബിലിറ്റി സര്‍ട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ എന്ന നിലവിലുള്ള മാനദണ്ഡം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (ബി) | 51%-ല്‍ അധികം പട്ടികജാതി/ പട്ടികവര്‍ഗ്ഗക്കാരുള്ള പ്രദേശങ്ങളില്‍ മാത്രമേ പട്ടികജാതി/പട്ടികവര്‍ഗ്ഗ വികസന ഫണ്ട് ചെലവഴിക്കുന്നതിന് ഫീസിബിലിറ്റി സര്‍ട്ടിഫിക്കറ്റ് ലഭ്യമാകു എന്ന മാനദണ്ഡം നിലവിലുണ്ട്. |
| (സി) | പ്രസ്തുത മാനദണ്ഡം മൂലം അന്‍പത് ശതമാനത്തില്‍ താഴെ പട്ടിക വിഭാഗക്കാര്‍ പാര്‍ക്കുന്ന പ്രദേശങ്ങളില്‍ റോഡുകള്‍, പാലങ്ങള്‍ മറ്റ് വികസന പ്രവര്‍ത്തനങ്ങള്‍ എന്നിവ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാന്‍ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഫീസിബിലിറ്റി സര്‍ട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കാമോ ? | (സി) | മാനദണ്ഡങ്ങള്‍ ലഘൂകരിക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാല്‍ ഈ പ്രദേശങ്ങളിലെ വികസന പ്രവര്‍ത്തനങ്ങള്‍ പൊതു വിഭാഗത്തിലുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍.